സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 268 2025 ഫെബ്രുവരി 20 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സർവകാല റെക്കാഡിൽ സ്വർണം, ഇന്നുണ്ടായത് വൻവർദ്ധനവ്

തിരു: സംസ്ഥാനത്ത് ഇന്നും സ്വർണവിലയിൽ വൻവർദ്ധനവ്. ഒരു പവൻ സ്വർണത്തിന് 280 രൂപ വർദ്ധിച്ച് 64,560 രൂപയായി. ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന് 8,070 രൂപയും ഒരു ഗ്രാം 24 കാരറ്റ് 8,804 രൂപയുമാണ്. കഴിഞ്ഞ ദിവസം ഒരു പവൻ സ്വർണത്തിന് 520 രൂപയാണ് കൂടിയത്. ഫെബ്രുവരിയിൽ മൂന്നാമത്തെ തവണയാണ് പവന് വില 64,000 കടക്കുന്നത്. ഈ മാസം എറ്റവും കുറവ് സ്വർണവില രേഖപ്പെടുത്തിയത് ഫെബ്രുവരി മൂന്നിനായിരുന്നു. അന്ന് 61,640 രൂപയായിരുന്നു പവന് വില.കഴിഞ്ഞ മാസം 22നാണ് സ്വർണവില ആദ്യമായി 60,000 കടന്ന് റെക്കാഡിട്ടത്. ഒരു മാസത്തിനിടയ്ക്ക് തന്നെ 4000 രൂപയുടെ വർദ്ധനവാണുണ്ടായത്. ഒരു പവൻ സ്വർണാഭരണം വാങ്ങണമെങ്കിൽ പണിക്കൂലി, ജി.എസ്.ടി ഉൾപ്പെടെ 70,000 രൂപയിലേറെ നൽകേണ്ടി വരും.

ബ്രൂവറി സമ്മതിക്കില്ല; സിപിഐ നിലപാടില്ലാത്ത പാർട്ടി, മുഖ്യമന്ത്രിയുമായി സംവാദത്തിന് തയ്യാർ വിഡി സതീശൻ

തിരു: പാലക്കാട് എലപ്പുള്ളിയിൽ ബ്രൂവറി കമ്പനിക്ക് അനുമതിനൽകുന്നതിനെതിരെ പ്രതിഷേധം ശക്തമാക്കി പ്രതിപക്ഷം. ഒരു കാരണവശാലും എലപ്പുള്ളിയിൽ ബ്രൂവറി അനുവദിക്കാൻ സമ്മതിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ പറഞ്ഞു.

ഒയാസിസ് കമ്പനി വന്ന വഴി സുതാര്യമല്ലെന്നും അഴിമതിയിലൂടെയാണ് വന്നതെന്നും അദ്ദേഹം പറഞ്ഞു. ഭൂഗർഭജലം മലിനമാക്കിയതിന് കുറ്റവാളിയായി നിൽക്കുന്ന കമ്പനിയാണ് ഒയാസിസ്. എലപ്പുള്ളി രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശമാണ്. മലമ്പുഴ ഡാമിൽ ആവശ്യത്തിന് വെള്ളമില്ല. കോക്കോകോള കമ്പനിയേക്കാൾ വെള്ളം ബ്രൂവറിക്ക് ആവശ്യമായി വരും.

സാധാരണ സിപിഐയെ എകെജി സെന്ററിലേക്ക് വിളിച്ചുവരുത്തിയായിരുന്നു അപമാനിച്ചിരുന്നത്. എംഎൻ സ്മാരകത്തിൽ തന്നെ പോയി സിപിഐയെ അപമാനിക്കുന്ന സാഹചര്യമാണ് ബ്രൂവറി വിഷയത്തിലുണ്ടായത്. നിലപാടില്ലാത്ത പാർട്ടിയായി സിപിഐ മാറി. സിപിഐ ആസ്ഥാനത്ത് പോയി സിപിഐ നിലപാടിനെതിരായ തീരുമാനമാണ് മുഖ്യമന്ത്രി അടിച്ചേൽപ്പിച്ചത്. അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രിയുമായി സംവാദത്തിന് സന്തോഷമേയുള്ളുവെന്നും സ്ഥലവും തീയതിയും ഗവൺമെന്റ് തീരുമാനിച്ചാൽ മതിയെന്നും വിഡി സതീശൻ പറഞ്ഞു.

മുഖ്യമന്ത്രിക്കാണല്ലോ ബ്രൂവറി കൊണ്ടുവരണം എന്ന് നിർബന്ധമെന്നും അപ്പോൾ മുഖ്യമന്ത്രിയുമായി സംവാദം ആകാമെന്നും അദ്ദേഹം പറഞ്ഞു.

ബാലയ്ക്ക് പുതിയ കുരുക്ക്

കൊച്ചി: മുൻ ഭാര്യ അമൃത സുരേഷിന്റെ പരാതിയിൽ നടൻ ബാലയ്ക്കെതിരെ വഞ്ചനാ കുറ്റത്തിന് കേസെടുത്ത് പൊലീസ്. വിവാഹമോചനവുമായി ബന്ധപ്പെട്ട കോടതി രേഖകളിൽ കൃത്രിമം കാണിച്ചെന്ന പരാതിയിലാണ് ഇപ്പോൾ കേസെടുത്തിരിക്കുന്നത്. സോഷ്യൽ മീഡിയയിൽ അപകീർത്തിപ്പെടുത്തിയെന്ന അമൃതയുടെ പരാതിയിൽ നേരത്തെ പൊലീസ് ബാലയെ അറസ്റ്റ് ചെയ്തിരുന്നു.

കോടതി രേഖയിൽ കാണിച്ച കൃത്രിമത്തിന്റെ പേരിൽ എറണാകുളം സെൻട്രൽ സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ്. കോടതിയിൽ സമർപ്പിച്ച വിവാഹ മോചന കരാറിന്റെ അഞ്ചാം പേജിൽ കൃത്രിമം കാണിച്ചെന്നാണ് പരാതിയിൽ പറയുന്നത്. ഈ പേജിൽ കുഞ്ഞുമായി ബന്ധപ്പെട്ട കാര്യങ്ങളാണുള്ളത്. ഇതിൽ അമൃതയുടെ ഒപ്പ് വ്യാജമായി ഇട്ടെന്നും പരാതിയിൽ പറയുന്നു. ബാലമകൾക്കുള്ള ഇൻഷൂറൻസുമായി ബന്ധപ്പെട്ട് തിരിമറി കാണിച്ചെന്നും അമൃത സുരേഷ് പറഞ്ഞു.

'കഴിഞ്ഞ ഒരു കേസ് റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് അവരുടെ ഭാഗത്ത് നിന്ന് ചില രേഖകൾ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്ന് നോട്ടീസ് വന്നിരുന്നു. കോടതിയിൽ സമർപ്പിച്ച രേഖകളിൽ ഞങ്ങളുടെ വിവാഹവുമായി ബന്ധപ്പെട്ട രേഖകളുണ്ടായിരുന്നു. ആ രേഖകൾ പരിശോധിച്ചപ്പോൾ അതിൽ ഒരു പേജിൽ മുഴുവൻ വേറെ കാര്യങ്ങളാണ്. എന്റെ ഒപ്പ് അടക്കം വ്യജമായി ചേർത്തിട്ടുണ്ട്.

മകൾക്ക് കൊടുത്തിരിക്കുന്ന ഒരു ഇൻഷൂറൻസ് പോളിസിയുണ്ട്. മകൾക്ക് പ്രായപൂർത്തിയായതിന് ശേഷം മാത്രം പണം പിൻവലിക്കണമെന്നാണ് കരാർ. ഇൻഷൂറൻസുമായി ബന്ധപ്പെട്ട് ബാങ്കിലേക്ക് വിളിച്ചപ്പോൾ, ആ ഇൻഷൂറൻസ് സറണ്ടർ ചെയ്തിരിക്കുകയാണെന്നും ആ പണം മുഴുവനായി എടുത്തെന്നും മനസിലായി. മകൾക്ക് പ്രായപൂർത്തിയായതിന് ശേഷം കിട്ടുന്ന കുറച്ചു പൈസയായിരുന്നു അത്. അതും എടുത്തെന്ന് പറയുമ്പോൾ വിഷമമുള്ള കാര്യമാണ്'– അമൃത സുരേഷ് പറഞ്ഞു.

ഭൂമി തരം മാറ്റൽ ചെലവേറും

25 സെന്റിൽ അധികമെങ്കിൽ മൊത്തം ഭൂമിക്കും ഫീസ് നൽകണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി : കേരളത്തിലെ ഭൂമി തരം മാറ്റലിന് ചെലവേറും. 25 സെന്റിൽ കൂടുതലുള്ള കൃഷി ഭൂമി വാണിജ്യാവശ്യത്തിനായി തരം മാറ്റുമ്പോൾ മൊത്തം ഭൂമിയുടെയും ന്യായവിലയുടെ പത്ത് ശതമാനം ഫീസ് ആയി നൽകണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടു. 25 സെന്റ് ശേഷമുള്ള അധിക ഭൂമിക്കു മാത്രം ഫീസ് നൽകിയാൽ മതിയെന്നുമുള്ള ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി റദ്ദാക്കി. ജസ്റ്റിസ് മാരായ സഞ്ജയ് കരോൾ, മൻമോഹൻ എന്നിവർ അടങ്ങിയ ബെഞ്ചിന്റെ താണ് ആണ് ഉത്തരവ്.

ചെറുകിട ഭൂമി ഉടമകളെ സഹായിക്കാനാണ് 2021 ഫെബ്രുവരി 25–ന് തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട ഇളവ് സർക്കാർ വരുത്തിയത്. തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27 എ വകുപ്പ് പ്രകാരം 25 സെന്റ് വരെയുള്ള ഭൂമിക്കാണ് ഇളവ് അനുവദിച്ചിരിക്കുന്നതെന്നും അതിൽ കൂടുതലുള്ള ഭൂമി ഭൂമി തരം മാറ്റുകയാണെങ്കിൽ ആകെയുള്ള ഭൂമിയുടെ 10% ന്യായവില അനുസരിച്ച് ഫീസ് നല്കണമെന്നുമാണ് സംസ്ഥാന സർക്കാർ പുറത്തിറക്കിയിരുന്ന സർക്കുലറിൽ വ്യക്തമാക്കിയിരുന്നത്.

സംസ്ഥാന സർക്കാരിന്റെ സർക്കുലർ നേരത്തെ ഹൈക്കോടതി റദ്ദാക്കിയിരുന്നു. തരം മാറ്റാനുള്ള ഭൂമി 25 സെന്റിൽ കൂടുതലാണെങ്കിൽ അധികമുള്ള സ്ഥലത്തിന്റെ മാത്രം ന്യായവിലയുടെ 10% ഫീസ് അടച്ചാൽ മതിയെന്നായിരുന്നു ഹൈക്കോടതി വിധി. ഇതിന് എതിരെ സംസ്ഥാന സർക്കാർ നൽകിയ അപ്പീൽ ആണ് സുപ്രീം കോടതി അംഗീകരിച്ചത്. വിധി പകർപ്പ് വൈകിട്ടോടെ പുറത്ത് വരും. സംസ്ഥാന സർക്കാരിന് വേണ്ടി സീനിയർ അഭിഭാഷകൻ ഷാജി പി ചാലി, സ്റ്റാന്റിംഗ് കോൺസൽ നിഷേ രാജൻ ഷൊങ്കർ, അഭിഭാഷകരായ അനു കെ ജോയ്, ആലിം അൻവർ എന്നിവർ ഹാജരായി.

കേരളത്തിൽ 2 ഐടി പാർക്കുകൾ കൂടി ലുലു സ്ഥാപിക്കും

ദുബായ്: കേരളത്തിന്റെ സാദ്ധ്യതകളും അവസരങ്ങളും നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള മികച്ച വേദിയായി കേരള നിക്ഷേപ സംഗമം മാറുമെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എംഎ യൂസഫലി. കേരളത്തെ നല്ല രീതിയിൽ പ്രചരിപ്പിക്കാൻ കഴിയണം. ഇവിടെ കക്ഷി രാഷ്ട്രീയമില്ല. പ്രതിപക്ഷവും ഈ സമ്മേളനത്തോട് സഹകരിക്കുന്നത് നല്ല തീരുമാനമാണ്. അവർ എതിർത്താൽ നിക്ഷേപകർക്ക് സംശയത്തിന് ഇടനൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭരണം മാറുമ്പോൾ തങ്ങളുടെ പദ്ധതികൾ ഇവർ നടപ്പാക്കില്ലെന്ന് തോന്നിപ്പോകും. എല്ലാവരും ഒരുമിച്ച് നിന്ന് കേരളത്തിന് വേണ്ടി പ്രവർത്തിക്കുമ്പോൾ നിക്ഷേപർക്ക് കൂടുതൽ ആത്മവിശ്വാസം ലഭിക്കുമെന്നും എംഎ യൂസഫലി വ്യക്തമാക്കി. കേരളത്തിൽ രണ്ട് ഐടി പാർക്കുകൾ കൂടി ലുലു സ്ഥാപിക്കുമെന്നും യൂസഫലി അറിയിച്ചു. ഭക്ഷ്യ സംസ്കരണശാല നിർമ്മാണം പുരോഗമിക്കുകയാണ്. കേരളത്തിൽ നല്ല രീതിയിൽ ലുലു നിക്ഷേപിച്ചിട്ടുണ്ട്. ഇനിയും സഹകരണം തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം, പിണറായി സർക്കാരിന്റെ നിക്ഷേപസംഗമം വൈകിവന്ന വിവേകമെന്ന് കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ. കേരളത്തിലെ നിക്ഷേപ സംഗമം 2003ൽ എ.കെ. ആന്റണി സർക്കാരാണ് തുടക്കമിട്ടത്. 2012ൽ ഉമ്മൻ ചാണ്ടി സർക്കാർ നിക്ഷേപ സംഗമം സംഘടിപ്പിച്ചപ്പോൾ സിപിഎം അത് ബഹിഷ്കരിക്കുകയും ഹർത്താലാചരിക്കുകയും നിക്ഷേപകരെ ഓടിക്കുകയും ചെയ്തു.

13 വർഷത്തിനശേഷം സിപിഎം നിക്ഷേപ സംഗമം നടത്തുന്നതു കാലത്തിന്റെ മധുര പ്രതികാരമാണ്. ഈ മനംമാറ്റത്തെ സ്വാഗതം ചെയ്യുന്നതായും സുധാകരൻ പ്രസ്താവിച്ചു. കേരളം വിൽക്കപ്പെടുന്നു എന്നായിരുന്നു 2012ൽ സിപിഎം പ്രചാരണം. നിക്ഷേപ സംഗമം നടന്ന കൊച്ചി പ്രതിഷേധക്കടലായി. വോക്സ് വാഗൺ ഉൾപ്പെടെയുള്ള നിക്ഷേപകർ ജീവനും കൊണ്ടോടി. 42 രാജ്യങ്ങളിൽ നിന്നെത്തിയ 2500 പ്രതിനിധികളും കേരളത്തിന്റെ കുപ്രസിദ്ധമായ ഹർത്താലും സമരമുറകളും കണ്ടെന്നും കെ സുധാകരൻ പറഞ്ഞു.

ജഡ്ജിമാർക്ക് എതിരായ പരാതികൾ പരിഗണിക്കാൻ അധികാരം ഉണ്ടെന്ന ലോക്പാൽ വിധിക്ക് സുപ്രീം കോടതി സ്റ്റേ

ന്യൂഡൽഹി: ഹൈക്കോടതി ജഡ്ജിമാർക്ക് എതിരായ പരാതികൾ പരിഗണിക്കാൻ ലോക്പാലിന് അധികാരം ഉണ്ടെന്ന ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തു. ലോക്പാൽ ഉത്തരവ് അസ്വസ്ഥതപ്പെടുത്തുന്നതാണെന്ന് സുപ്രീം കോടതി വ്യക്തമാക്കി. ലോക്പാൽ വിധിക്ക് എതിരെ സ്വമേധയാ എടുത്ത കേസിൽ സുപ്രീം കോടതി നോട്ടീസ് അയച്ചു.

ഹൈക്കോടതി ജഡ്ജിമാർക്ക് എതിരായ പരാതി പരിഗണിക്കാൻ തങ്ങൾക്ക് അധികാരം ഉണ്ടെന്ന് ജസ്റ്റിസ് എ.എം. ഖാൻവിൽക്കർ അധ്യക്ഷനായ ലോക്പാലിന്റെ ഫുൾ ബെഞ്ച് ജനുവരിയിൽ ഉത്തരവ് ഇറക്കിയിരുന്നു. ഹൈക്കോടതി ജഡ്ജിമാർ പൊതു പ്രവർത്തകർ എന്ന നിർവചനത്തിന്റെ പരിധിയിൽ വരുമെന്നും, അതിനാൽ 2013 ലോക്പാൽ, ലോകായുക്ത നിയമത്തിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാർക്ക് എതിരായ പരാതികൾ പരിഗണിക്കാൻ അധികാരം ഉണ്ടെന്നും ആയിരുന്നു ലോക്പാൽ വിധി.

ഒരു സിറ്റിംഗ് ഹൈക്കോടതി ജഡ്ജിക്കെതിരായ പരാതി പരിഗണിക്കവെയാണ് ലോക്പാൽ ഉത്തരവ്. ഹൈക്കോടതി ജഡ്ജി സിവിൽ കേസിൽ സ്വകാര്യ വ്യക്തിക്ക് അനുകൂലമായ ഉത്തരവ് ലഭിക്കാൻ അഡീഷണൽ ജില്ലാ ജഡ്ജിയെയും, മറ്റൊരു ഹൈക്കോടതി ജഡ്ജിയെയും സ്വാധീനിക്കാൻ ശ്രമിച്ചു എന്നാണ് പരാതി. ആരോപണ വിധേയനായ ജഡ്ജിയുടെ പേര് പരസ്യപ്പെടുത്തരുത് എന്നും സുപ്രീം കോടതി നിർദേശിച്ചു.

ജസ്റ്റിസ്മാരായ ബി ആർ ഗവായ്, സൂര്യ കാന്ത്, അഭയ് എസ്. ഓക എന്നിവർ അടങ്ങിയ സുപ്രീം കോടതി ബെഞ്ച് ആണ് ലോക്പാൽ ഉത്തരവ് സ്റ്റേ ചെയ്തത്. കേസ് ഹോളി അവധിക്ക് ശേഷം വിശദമായി പരിഗണിക്കാൻ സുപ്രീം കോടതി തീരുമാനിച്ചു.

തരൂരുമായി വഴക്കിടാനില്ല, ശാസിക്കാനോ തിരുത്താനോ ശേഷിയുള്ളവരല്ല ഞങ്ങൾ: വിഡി സതീശൻ

തിരു: ലേഖന വിവാദത്തിൽ ശശി തരൂരിനെതിരെ കോൺഗ്രസിൽ അമർഷം പുകയുമ്പോൾ പ്രതികരണവുമായി പ്രതിപക്ഷനേതാവ് വിഡി സതീശൻ. തരൂരുമായി കൊമ്പുകോർക്കാനോ തർക്കിക്കാനോ ഇല്ല. സർക്കാരും പ്രതിപക്ഷവും സംവാദം നടക്കുന്ന ഒരു വിഷയത്തിൽ അദ്ദേഹം സർക്കാരിനനുകൂലമായി ഒരു ലേഖനമെഴുതിയപ്പോൾ അതിലെ കണക്കുകൾ ശരിയല്ലെന്നാണ് പറഞ്ഞത്. അത് തെളിയിക്കുകയും ചെയ്തു. സതീശൻ പറഞ്ഞു.

തരൂർ കോൺഗ്രസിന്റെ വർക്കിങ് കമ്മറ്റിയംഗമാണ്. അദ്ദേഹത്തോട് സംസാരിക്കേണ്ടത് അഖിലേന്ത്യ കോൺഗ്രസ് നേതൃത്വമാണ്. താഴെ സ്ഥാനങ്ങളിലുള്ളവരാണ് ഞങ്ങൾ. തരൂർ ഞങ്ങൾക്ക് മീതേയാണ്. അദ്ദേഹത്തെ ശാസിക്കാനോ തിരുത്താനോ ഉപദേശിക്കാനോ ശേഷിയുള്ളവരല്ല ഞങ്ങൾ. വിഡി സതീശൻ കൂട്ടിചേർത്തു.

ശമ്പളം കിട്ടാത്തതിനെത്തുടർന്ന് അദ്ധ്യാപിക ആത്മഹത്യ ചെയ്ത സംഭവം; അന്വേഷണത്തിന് ഉത്തരവിട്ട് മന്ത്രി

കോഴിക്കോട്: കോടഞ്ചേരി സെന്റ് ജോസഫ് എൽപി സ്കൂൾ അദ്ധ്യാപിക അലീന ബെന്നിയുടെ ആത്മഹത്യയിൽ വിശദമായ അന്വേഷണത്തിന് വിദ്യാഭ്യാസ മന്ത്രി ശിവൻകുട്ടി ഉത്തരവിട്ടു. അന്വേഷണ റിപ്പോർട്ട് വന്ന ശേഷം കൂടുതൽ നടപടികളിലേക്ക് കടക്കാമെന്നും മന്ത്രി പറഞ്ഞു. അദ്ധ്യാപികയുടെ നിയമനം വൈകിപ്പിച്ചത് സംസ്ഥാന വിദ്യാഭ്യാസ വകുപ്പാണെന്നും സമഗ്രമായ അന്വേഷണ നടത്തണമെന്നുമാണ് കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ആവശ്യപ്പെട്ടത്.

കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലാണ് അലീന ജോലി ചെയ്തിരുന്നത്. കട്ടിപ്പാറയിലെ സ്കൂളിൽ 5വർഷം ജോലി ചെയ്ത അലീന കഴിഞ്ഞ ഒരു വർഷമായി കോടഞ്ചേരിയിലാണ് ജോലി ചെയ്യുന്നത്. അലീനയ്ക്ക് ജോലി സ്ഥിരപ്പെടുകയോ ശമ്പളം ലഭിക്കുകയോ ചെയ്തിരുന്നില്ല. ഇതിന്റെ മനോവിഷമത്തിലാണ് ജീവനൊടുക്കിയതെന്ന് പിതാവ് ബെന്നി പറയുന്നു.

ദീർഘകാല അവധിയിലായിരുന്ന അദ്ധ്യാപിക ജോലിയിൽ നിന്നും രാജിവച്ചുണ്ടായ ഒഴിവിൽ അലീന ബെന്നിയ്ക്ക് 2021 മുതൽ സ്ഥിരനിയമനം ലഭിച്ചുവെങ്കിലും ഭിന്നശേഷി സംവരണം അടക്കം ചൂണ്ടിക്കാട്ടി വിദ്യാഭ്യാസ വകുപ്പ് അധികൃതർ നിയമനം അംഗീകരിക്കാൻ തയ്യാറായില്ല. അദ്ധ്യാപികയും പിതാവും ആവശ്യപ്പെട്ടതനുസരിച്ച് കോടഞ്ചേരി എൽപി സ്കൂളിൽ ഉണ്ടായ റഗുലർ തസ്തികയിലേക്ക് മാറ്റി നിയമനം നൽകുകയാണ് ഉണ്ടായതെന്നും കാത്തലിക് ടീച്ചേഴ്സ് മലബാർ മേഖല കമ്മിറ്റി പുറത്തിറക്കിയ വാർത്താ കുറിപ്പിൽ പറയുന്നു.

അലീന ബെന്നിക്ക് നൽകിയത് സ്ഥിര നിയമനമാണെന്നും ഇതിനായി സംഭാവന സ്വീകരിച്ചില്ലെന്നും സ്കൂൾ മാനേജ്മെന്റ് അറിയിച്ചു. കട്ടിപ്പാറ പഞ്ചായത്തിൽ മൂന്നാം വാർഡ് താഴ്വാരം സ്വദേശിയാണ് മരിച്ച അലീന. 4വർഷമായി കട്ടിപ്പാറ ഹോളി ഫാമിലി എൽപി സ്കൂളിലാണ് അവർ ജോലി ചെയ്തിരുന്നത്.

ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകർക്കും കോളടിച്ചു; 3 വർഷത്തെ മുൻകാല പ്രാബല്യത്തോടെ ശമ്പള വർധനവ്

തിരു: ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ ശമ്പളം കുത്തനെ കൂട്ടി. സ്പെഷ്യൽ ഗവ പ്ലീഡറുടെ ശമ്പളം 1.20 ലക്ഷത്തിൽ നിന്ന് ഒന്നര ലക്ഷമായും സീനിയർ പ്ലീഡർക്ക് 1.10 ലക്ഷം രൂപയിൽ നിന്ന് 1.40 ലക്ഷം രൂപയായും ശമ്പളം വർധിപ്പിച്ചു. പ്ലീഡർമാർക്ക് 1.15 ലക്ഷം രൂപയായും ശമ്പളം ഉയർത്തി. മുമ്പ് ഒരു ലക്ഷം രൂപയായിരുന്നു പ്ലീഡർമാരുടെ വേതനം.

2022 ജനുവരി ഒന്നുമുതലുള്ള മൂന്ന് വർഷത്തെ മുൻകാല പ്രാബല്യത്തോടെയാണ് ശമ്പളത്തിൽ വർധനവ് ഉണ്ടായിരിക്കുന്നത്. വലിയൊരു തുകയായിരിക്കും സർക്കാർ അഭിഭാഷകരുടെ അക്കൗണ്ടിൽ സർക്കാർ ഖജനാവിൽ നിന്നുടനെത്തുക. ആശാ വർക്കർമാരുടെ സമരവും ക്ഷേമ പെൻഷൻ കുടിശിക കൊടുത്തുതീർക്കാത്തതും സർക്കാരിന് മുന്നിൽ പ്രതിസന്ധി സൃഷ്ടിക്കുമ്പോൾ വന്നിരിക്കുന്ന പുതിയ തീരുമാനത്തിന് വലിയതോതിൽ വിമർശനവും ഉയരുന്നുണ്ട്.

കാട്ടുകൊമ്പൻ ക്ഷീണിതൻ, ശ്വാസം പുറത്തുപോകുന്നത് മസ്തകത്തിലെ മുറിവിലൂടെ

കോടനാട്: മസ്തകത്തിന് മുറിവേറ്റ അതിരപ്പിള്ളിയിലെ കാട്ടുകൊമ്പൻ ഇപ്പോഴും ക്ഷീണിതനാണെന്ന് ഡോക്ടർമാരുടെ സംഘം. ശ്വാസം പുറത്തുപോകുന്നത് മസ്തകത്തിലെ മുറിവിലൂടെയാണെന്നും തുമ്പികൈയിലേക്കും മുറിവ് വ്യാപിച്ചതായും ഡോക്ടർമാർ പറഞ്ഞു. അണുബാധാ സാധ്യതയും തള്ളികളയാനായിട്ടില്ല. അപകടനില തരണം ചെയ്തിട്ടില്ലെന്നും അധികൃതർ പറയുന്നു.

അഭയാരണ്യത്തിൽ 2മാസത്തെ ചികിത്സ വേണ്ടി വരുമെന്നാണ് ഡോക്ടർമാർ പറയുന്നത്. മയക്കം വിട്ടെങ്കിലും ക്ഷീണം മാറിയിട്ടില്ല. രാവിലെ ഭക്ഷണം എടുത്തുതുടങ്ങിയിരുന്നെങ്കിലും തുമ്പികൈ ഉപയോഗിച്ച് വെള്ളം എടുക്കുന്നതിൽ പ്രയാസം നേരിടുന്നുണ്ട്. വായിലേക്ക് ഹോസിട്ട് വെള്ളം കൊടുക്കാനാണ് ശ്രമിക്കുന്നത്

മുറിവിലേക്ക് ആനയിപ്പോഴും മണ്ണെടുത്ത് പൊത്തുന്നുണ്ട്. അതുകൊണ്ട് തന്നെ മുറിവ് ഇടയ്ക്കിടക്ക് വൃത്തിയാക്കേണ്ടത് പരിഗണിച്ച് മുഴുവൻ സമയവും നിരീക്ഷണത്തിന് ബന്ധപ്പെട്ടവർ പ്രദേശത്തുതന്നെയുണ്ട്.

കൃത്യമായ പരിചരണത്തലൂടെ ആന സാധരണനിലയിലേക്ക് മടങ്ങിയെത്തുമെന്നാണ് പ്രതീക്ഷ

ഇഷ്ടക്കാർക്ക് വാരിക്കോരി; കെ.വി.തോമസിന്റെ യാത്രാബത്ത ഉയർത്താൻ നിർദേശം, 11.31 ലക്ഷമാക്കാൻ ശുപാർശ

തിരു: പി.എസ്.സി അംഗങ്ങളുടെ ശമ്പള വർധനവിന് പിന്നാലെ, കേരള സർക്കാരിന്റെ ഡൽഹിയിലെ പ്രതിനിധി കെ.വി.തോമസിന്റെ യാത്രാബത്ത ഉയർത്താൻ നിർദേശം. പ്രതിവർഷത്തെ തുക 11.31 ലക്ഷം ആക്കാനാണ് പൊതുഭരണ വകുപ്പിന്റെ ശുപാർശ. ബുധനാഴ്ച ചേർന്ന സബ്ജക്ട് കമ്മിറ്റി യോഗത്തിലാണ് വിഷയം വന്നത്. അഞ്ച് ലക്ഷം രൂപയായിരുന്നു സംസ്ഥാന ബജറ്റിൽ കെ.വി.തോമസിന് യാത്രാബത്തയായി അനുവദിച്ചിരുന്നത്. എന്നാൽ, കഴിഞ്ഞവർഷം 6.31 ലക്ഷം രൂപ ചിലവായതിനാൽ അഞ്ച് ലക്ഷം രൂപ പോരെന്നും 11.31 ലക്ഷം വേണമെന്നും ധനവകുപ്പിനോട് പൊതുഭരണ വകുപ്പിന്റെ പ്രോട്ടോക്കോൾ വിഭാഗം ശുപാർശ ചെയ്യുകയായിരുന്നു. ഓണറേറിയം ഇനത്തിൽ പ്രതിവർഷം ലക്ഷങ്ങൾ കെ.വി.തോമസിന് ലഭിക്കുന്നുണ്ട്. ഇതിനുപുറമെയാണ് യാത്രബത്ത ഇരട്ടിയാക്കാനുള്ള നിർദേശം.

ലോക്സഭ തിരഞ്ഞെടുപ്പിൽ സീറ്റ് ലഭിക്കാത്തതിനെത്തുടർന്ന് കോൺഗ്രസുമായി ഇടഞ്ഞ് സി.പി.എമ്മിനൊപ്പം കൂടിയ കെ.വി.തോമസിനെ 2023 ജനുവരിയിലാണ് ഡൽഹിയിലെ പ്രത്യേക പ്രതിനിധിയായി നിയോഗിച്ചത്. അഞ്ച് ജീവനക്കാരാണ് അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിലുള്ളത്. പ്രൈവറ്റ് സെക്രട്ടറി, അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ എന്നിങ്ങനെയാണ് നിയമനം. സാമ്പത്തിക പ്രതിസന്ധിക്കിടയിൽ ട്രഷറി നിയന്ത്രണത്തിൽ ഇളവുവരുത്തി 12.50 ലക്ഷം രൂപ കെ.വി.തോമസിന് ഓണറേറിയം നൽകിയതും ആരോപണത്തിന് ഇടയാക്കിയിരുന്നു.

കാബിനറ്റ് റാങ്ക് നൽകിയുള്ള കെ.വി.തോമസിന്റെ നിയമനം അനാവശ്യ ചെലവാണെന്ന് പ്രതിപക്ഷം നിരന്തരം ആരോപണം ഉയർത്തിയിരുന്നു.

അതേസമയം, കഴിഞ്ഞദിവസമാണ് പി.എസ്.സി ചെയർമാന്റേയും അംഗങ്ങളുടെയും ശമ്പളവും ആനുകൂല്യങ്ങളും പരിഷ്ക്കരിക്കാൻ മന്ത്രിസഭ തീരുമാനിച്ചത്. ചെയർമാന്റെ ശമ്പളസ്കെയിൽ ജില്ലാ ജഡ്ജിമാരുടെ പരമാവധി സൂപ്പർ ടൈം സ്കെയിലിനും അംഗങ്ങളുടേത് ജില്ലാ ജഡ്ജിമാരുടെ പരമാവധി സെലക്ഷൻ ഗ്രേഡിനും സമാനമായി പരിഷ്കരിക്കാനാണ് തീരുമാനം. 2,24,100 രൂപയാണ് ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിൽ പരമാവധി അടിസ്ഥാന ശമ്പളം. ഈ നിരക്കിൽ ചെയർമാന്റെ ശമ്പളം നിലവിൽ 2.60 ലക്ഷത്തിൽ നിന്ന് നാലു ലക്ഷത്തിലധികമായി ഉയരും. അംഗങ്ങളുടെ അടിസ്ഥാനശമ്പളം 2,19,090 രൂപയായാണ് ഉയരുന്നത്. അവർക്കും ആനുകൂല്യങ്ങളടക്കം നാലുലക്ഷം രൂപവരെ ലഭിക്കും. 2.42 ലക്ഷമാണിപ്പോൾ ആനുകൂല്യങ്ങളടക്കം ലഭിക്കുന്നത്. ശമ്പള വർധനവിന് 2016 മുതൽ പ്രാബല്യമുണ്ടാകും. സാമ്പത്തിക പ്രതിസന്ധികാരണം പലതവണ മാറ്റിയ ശമ്പളവർധന ശുപാർശയാണ് ബുധനാഴ്ചത്തെ മന്ത്രിസഭായോഗം അംഗീകരിച്ചത്. ചെയർമാനടക്കം 21 പി.എസ്.സി. അംഗങ്ങളാണുള്ളത്.

ഈ. മ. യൗ

ആലപ്പാട്ട് പൂവ്വത്തിങ്കൽ ഈനാശു
പൈലോത് ഭാര്യ മേരി (94)
റോസാ ബസാർ, വിയ്യൂർ

സംസ്കാരം ഇന്ന് (20–02–2025, വ്യാഴാഴ്ച) 4.30 p.m. ന്
വിയ്യൂർ പള്ളിയിലെ ശുശ്രൂഷകൾക്കു ശേഷം
ചേറൂർ വിജയപുരം പള്ളി സെമിത്തേരിയിൽ

മക്കൾ: സണ്ണി (Late), ഡേവിസ്, ആലീസ്, ഫാ. പോൾ പൂവത്തിങ്കൽ CMI
മരുമക്കൾ: സ്റ്റെല്ല കാക്കശ്ശേരി, കൊച്ചുത്രേസ്യ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

നികുതി കൊള്ള അധികാര ധൂർത്തിന്: ടി എൻ പ്രതാപൻ

തൃശൂർ: പിണറായി സർക്കാർ ബഡ്ജറ്റിലൂടെ തുടർച്ചയായി നടത്തിവരുന്ന നികുതി കൊള്ളഅധികാര ദൂർത്തിനാണെന്ന് കെ പി സി സി വർക്കിംഗ് പ്രസിഡണ്ട് ടി എൻപ്രതാപൻ പറഞ്ഞു. ഇത്രയേറെ നികുതി പിരിച്ചെടുത്തിട്ടും ക്ഷേമ പ്രവർത്തനത്തിനും വികസന പ്രവർത്തനങ്ങൾക്കും ഫണ്ടില്ല എന്നുള്ളത് സർക്കാരിന്റെ പിടിപ്പ് കേടാണ്. വിവിധ വകുപ്പുകളിലെ കുടിശ്ശിക പിരിച്ചെടുത്താൽ തീരാവുന്ന പ്രശ്നങ്ങൾക്കാണ് അതിന് മുതിരാതെ നികുതി വൻ തോതിൽ കൂട്ടി ജനങ്ങളെ കൊള്ളയടിക്കുന്നത്. ഐക്യ ജനാധിപത്യ മുന്നണി അധികാരത്തിലെത്തിയാൽ നികുതി കൊള്ളയ്ക്ക് അറുതി വരുത്തുമെന്നും പ്രതാപൻകൂട്ടിച്ചേർത്തു.

സംസ്ഥാന ബജറ്റിലെ ജനദ്രോഹ നയങ്ങൾക്കെതിരെയും ഭൂനികുതി 50% വർധിപ്പിച്ചതിനുമെതിരെ കെ. പി. സി. സി.യുടെ ആഹ്വാനപ്രകാരം സംസ്ഥാനതലത്തിൽ മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ നടന്ന വില്ലേജ് ഓഫീസ് പ്രതിഷേധ ധർണ്ണയുടെ ജില്ലാ തല ഉദ്ഘാടനം അരണാട്ടുകര-പുല്ലഴി വില്ലേജ് ഓഫീസിനു മുന്നിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡി.സി.സി പ്രസിഡന്റ് അഡ്വ.ജോസഫ് ടാജറ്റ് അധ്യക്ഷത വഹിച്ചു. നേതാക്കളായ എ. പ്രസാദ്, സുനിൽ അന്തിക്കാട്, കെ.കെ. കൊച്ചുമുഹമ്മദ്, വിൻസന്റ് കാട്ടുക്കാരൻ, എം.എസ്. ശിവരാമകൃഷ്ണൻ, ഫ്രാൻസിസ് ചാലിശ്ശേരി, കെ.രാമനാഥൻ, കെ.സുമേഷ്, കൗൺസിലർമാരായ ശ്രീലാൽ ശ്രീധർ, ലാലി ജെയിംസ്, സുനിത വിനു, മേഫി ഡെൽസൻ തുടങ്ങിയവർ സംസാരിച്ചു.

നടത്തറ- വി.എം. സുധീരൻ,ചാവക്കാട്- ഒ.അബ്ദുറഹ്മാൻകുട്ടി, കല്ലൂർ-എം.പി. വിൻസെന്റ്, ചേർപ്പ്-ടി.വി. ചന്ദ്രമോഹൻ, കൊമ്പൊടിഞ്ഞാമാക്കൽ-എം.പി. ജാക്സൺ,പുഴയ്ക്കൽ- അനിൽ അക്കര,തൃശൂർ-ജോൺ ഡാനിയേൽ,കടവല്ലൂർ- ജോസഫ് ചാലിശ്ശേരി, പീച്ചി-രാജേന്ദ്രൻ അരങ്ങത്ത്, ചൂണ്ടൽ-സി.സി. ശ്രീകുമാർ എന്നീ നേതാക്കൾ വിവിധ വില്ലേജ് ഓഫീസുകൾക്കു മുന്നിലെ ധർണ്ണയ്ക്ക് നേതൃത്വം നൽകി.

ജില്ലയിലെ എല്ലാ മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ വില്ലേജ് ഓഫീസുകൾക്കു മുന്നിൽ ധർണ്ണ നടത്തി.

മലയാള മനോരമയ്ക്ക് കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ പരസ്യങ്ങൾ നൽകിയ പരസ്യ ഏജൻസികളിൽ ഒന്നാം സ്ഥാനത്തിനുള്ള പുരസ്കാരം മലയാള മനോരമ മാനേജിംഗ് എഡിറ്റർ ജേക്കബ് മാത്യുവിൽ നിന്നും വളപ്പില കമ്മ്യൂണിക്കേഷൻസ് ജോയിന്റ് മാനേജിംഗ് ഡയറക്ടർമാരായ ജോൺസ് വളപ്പില, ജെയിംസ് വളപ്പില ഡയറക്ടർമാരായ പോൾ വളപ്പില, ലിയോ വളപ്പില എന്നിവർ ചേർന്ന് സ്വീകരിക്കുന്നു.

മനോരമ പുരസ്കാരം 25-ാം തവണയും വളപ്പിലയ്ക്ക്

കോട്ടയം: മലയാള മനോരമയ്ക്ക് കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ പരസ്യങ്ങൾ നൽകിയ കേരളത്തിലെ പരസ്യ ഏജൻസികൾക്കുള്ള പുരസ്കാരങ്ങൾ സമ്മാനിച്ചു. തുടർച്ചയായി 25-ാം വർഷവും ഒന്നാം സ്ഥാനം നിലനിർത്തി വളപ്പില കമ്മ്യൂണിക്കേഷൻസ്. കോട്ടയത്ത് നടന്ന ചടങ്ങിൽ വെച്ച് വളപ്പില കമ്മ്യൂണിക്കേഷൻസിന് വേണ്ടി ജോയിന്റ് മാനേജിംഗ് ഡയറക്ടർമാരായ ജോൺസ് വളപ്പില, ജെയിംസ് വളപ്പില ഡയറക്ടർമാരായ പോൾ വളപ്പില, ലിയോ വളപ്പില എന്നിവർ സംയുക്തമായി പുരസ്കാരം ഏറ്റുവാങ്ങി.

മലയാള മനോരമ മാനേജിംഗ് എഡിറ്റർ ജേക്കബ് മാത്യു പുരസ്കാരങ്ങൾ വിതരണം ചെയ്തു. ചടങ്ങിൽ മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജയന്ത് മാമൻ മാത്യു, മാർക്കറ്റിംഗ് അഡ്വർടൈസിംഗ് ആന്റ് സെയിൽസ് വൈസ് പ്രസിഡന്റ് വർഗ്ഗീസ് ചാണ്ടി തുടങ്ങിയവർ സംസാരിച്ചു.

മാതൃഭൂമി, മാധ്യമം, ദീപിക, ദേശാഭിമാനി, ദി ഹിന്ദു, മംഗളം തുടങ്ങിയ കേരളത്തിലെ നിരവധി മുഖ്യധാര മാധ്യമങ്ങളുടെ ബിസിനസ് പുരസ്കാരങ്ങൾ തുടർച്ചയായി വളപ്പില കമ്മ്യൂണിക്കേഷൻസ് സ്വന്തമാക്കിയിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ നിലവിൽ 9 ശാഖകളുള്ള വളപ്പില കമ്മ്യൂണിക്കേഷൻസിന് പരസ്യരംഗത്തെ നിരവധി ക്രിയേറ്റീവ് പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. ബ്രാന്റിംഗ്, മീഡിയ ബയിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഔട്ട്ഡോർ അഡ്വർടൈസിംഗ്, പ്രിന്റ് & പ്രൊഡക്ഷൻ, ഇവന്റ്സ് & പിആർ തുടങ്ങിയ വിഭാഗങ്ങളെല്ലാം ഉൾപ്പെടുന്ന കേരളത്തിലെ മുൻനിര പരസ്യ ഏജൻസിയാണ് വളപ്പില കമ്മ്യൂണിക്കേഷൻസ്.

റെയിൽവേയുടെ കടുത്ത അവഗണന - കൂട്ടായ പ്രക്ഷോഭം അനിവാര്യം: തോമസ് ഉണ്ണിയാടൻ

കല്ലേറ്റുംകര :അനേക വർഷങ്ങളുടെ പഴക്കമുള്ളതും 16 ലക്ഷത്തോളം യാത്രക്കാരും 6 കോടിയോളം രൂപ വാർഷിക വരുമാനമുള്ളതുമായ ഇരിഞ്ഞാലക്കുട റെയിൽവേ സ്റ്റേഷൻ കടുത്ത അവഗണനയിലാണെന്നും ഇത്രയും അവഗണന നേരിടുന്ന സ്റ്റേഷൻ കേരളത്തിൽ വേറെ ഇല്ലെന്നും റയിൽവേയുടെയും കേന്ദ്രസർക്കാരിന്റെയും കണ്ണ് തുറപ്പിക്കാൻ തുടർച്ചയായ കൂട്ടായ പ്രക്ഷോഭം അനിവാര്യമാണെന്നും കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ പറഞ്ഞു.

റെയിൽവേ അവഗണനക്കെതിരെ കേരള കോൺഗ്രസ് ആളൂർ മണ്ഡലം കമ്മിറ്റി റെയിൽവേ സ്റ്റേഷന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു തോമസ് ഉണ്ണിയാടൻ. പുതിയ സ്റ്റോപ്പുകൾ അനുവദിക്കുന്നില്ലെന്നു മാത്രമല്ല നിലവിലുണ്ടായിരുന്ന 5 ട്രെയിനുകളുടെ സ്റ്റോപ്പുകൾ നിർത്തലാക്കിയിരിക്കുന്നു. ഈ റെയിൽവേ സ്റ്റേഷനുള്ളിൽ വിശ്രമമുറിയോ ബാത്റൂമോ കാന്റീനോ ഇരിപ്പിടങ്ങളോ മേൽക്കൂരയോ ലൈറ്റുകളോ വാഹനങ്ങൾ സുരക്ഷിതമായി പാർക്ക് ചെയ്യുന്നത്തിനുള്ള സൗകര്യങ്ങളോ ഇല്ല.

ഇരിഞ്ഞാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള ഇത്രയും വലിയ അവഗണനക്കെതിരെ തുടർസമരങ്ങൾക്ക് പാർട്ടി രൂപം നൽകുമെന്നും തോമസ് ഉണ്ണിയാടൻ പറഞ്ഞു.

ആളൂർ മണ്ഡലം പ്രസിഡന്റ് ഡെന്നിസ് കണ്ണീകുന്നി അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ് മുഖ്യപ്രഭാഷണം നടത്തി. നിയോജക മണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ, ജില്ലാ ജനറൽ സെക്രട്ടറി സേതുമാധവൻ, ജോസ് അരിക്കാട്ട്, ജോബി മംഗലൻ, എൻ. കെ. കൊച്ചുവാറു, നൈജു ജോസഫ്, ഷീല ഡേവിസ്,നെൽസൺ മാവേലി, ഷോളി അരിക്കാട്ട്, ബാബു വർഗീസ് എന്നിവർ പ്രസംഗിച്ചു.

ഷോർട്ട് ഫിലിം, ഡിബേറ്റ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു

തൃശൂർ: വനിതാ ദിനത്തിന്റെ ഭാഗമായി ജില്ലാ വനിത-ശിശു വികസന ഓഫീസ് തൃശ്ശൂർ ജില്ലയിലെ കോളേജ് വിദ്യാർത്ഥികൾക്കായി ഷോർട്ട് ഫിലിം, ഡിബേറ്റ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. സ്ത്രീ ശാക്തീകരണം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് മത്സരം സംഘടിപ്പിക്കുന്നത്.

ഷോർട്ട് ഫിലിമിലെ അഭിനേതാക്കൾ അടക്കം മുഴുവൻ അംഗങ്ങളും കോളേജ് വിദ്യാർഥികൾ ആയിരിക്കണം മത്സരത്തിനായുള്ള എൻട്രികൾ, ഷോർട്ട് ഫിലിമിന്റെ പേര്, കോളേജിൻറെ പേര്, അംഗങ്ങളുടെ പേര്, ഫോൺ നമ്പർ, ഇമെയിൽ വിലാസം എന്നിവ അടക്കം wcdfilmcompetetion2025@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കണം. ഷോർട്ട് ഫിലിം മത്സരത്തിനായി എൻട്രികൾ പരിഗണിക്കുന്ന അവസാന ദിവസം മാർച്ച് 3. ഷോർട്ട് ഫിലിന്റെ ദൈർഘ്യം 5 മിനിട്ട്.

ഡിബേറ്റ് മത്സരത്തിൽ ഒരു ടീമിൽ രണ്ട് അംഗങ്ങൾ ഉണ്ടായിരിക്കണം. ജില്ലാതലത്തിൽ മത്സരിക്കാൻ താല്പര്യമുള്ള ടീമുകൾ ഫെബ്രുവരി 22 നു മുമ്പ് 9496401782 എന്ന നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്പോട്ട് അഡ്മിഷൻ അനുവദിക്കുന്നതല്ല. ജില്ലാതലത്തിൽ ഒന്നാം സമ്മാനാർഹരായ ടീമിന്റെ സെമി ഫൈനൽ മത്സരങ്ങൾ മാർച്ച് 7 ന് രാവിലെ 9.30 ന് ആരംഭിക്കും. സെമി ഫൈനലിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ടീമുകളായിരിക്കും മാർച്ച് 8 ലെ ഫൈനൽ മത്സരങ്ങളിൽ പങ്കെടുക്കുക.

2025 മാർച്ച് 8 ലെ വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന സംസ്ഥാനതല പരിപാടികളിൽ സമ്മാനദാനം നടത്തും.ഷോർട്ട് ഫിലിം മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി 50,000 രൂപ, രണ്ടാം സമ്മാനം 25,000 രൂപ, മൂന്നാം സമ്മാനം 15,000. ഡിബേറ്റ് മത്സര വിജയികൾക്ക് ഒന്നാം സമ്മാനം 10,000 രൂപ, രണ്ടാം സമ്മാനം 7500 രൂപ, മൂന്നാം സമ്മാനം 5000 രൂപ എന്നിങ്ങനെ നൽകും. സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് താമസ സൗകര്യവും, ഭക്ഷണവും വകുപ്പ് തലത്തിൽ ക്രമീകരിക്കും.

വാർത്താ ചുരുക്കം

* തൃശൂർ വിദ്യാഭ്യാസ ഓഫീസ് സമുച്ചയം നിർമാണോൽഘാടനം 21 ന് നടക്കും. ഗവ മോഡൽ ഗേൾസ് ഹൈസ്കൂൾ വളപ്പിലെ പഴയ കെട്ടിടം പൊളിച്ച് അവിടെയാണ് രണ്ട് നില കെട്ടിടം പണിയുക. 5 കോടിയുടെ പദ്ധതിയാണ്. 21 ന് കാലത്ത് 9 മണിക്ക് മന്ത്രി ശിവൻ കുട്ടി നിർമ്മാണ ഉൽഘാടനം നിർവഹിക്കും. മന്ത്രിമാരായ ആർ. ബിന്ദു, കെ.രാജൻ പി.ബാലചന്ദ്രൻ എം.എൽ. എ തുടങ്ങിയവർ പങ്കെടുക്കും
* തൃശൂർ കാവ്യ ശിഖ പുരസ്കാര സമർപ്പണം 26 ന് സാഹിത്യ അക്കാദമിയിൽ നടക്കും. ശ്രീജ വിധു, പി.ടി. സ്വരാജ് എന്നിവർക്കാണ് പുരസ്കാരം.

മമ്മിയൂർ മഹാശിവരാത്രി മത്തവിലാസം കൂത്തോടെ ആരംഭിക്കും

ഗുരുവായൂർ: മമ്മിയൂർ ശ്രീ മഹാദേവ ക്ഷേത്രത്തിൽ ഈ വർഷത്തെ മഹാശിവരാത്രി ഫെ ബ്രുവരി 21-ന് ആരംഭിക്കുന്ന മത്തവിലാസം കൂത്തോടെ ആരംഭം കുറിക്കുമെന്ന് ദേവസ്വം ഭാരവാഹികൾ വാർത്ത സമ്മേളനത്തിൽ അറിയിച്ചു. ക്ഷേത്രങ്ങളിൽ വളരെ അപൂർവ്വമായി മാത്രം നടത്തിവരാറുള്ള ആചാര അനുഷ്ഠാന കലയാണ് മത്തവിലാസം കൂത്ത്. ക്ഷേത്രം നാലമ്പലത്തിൽ വെച്ചാണ് ഈ പൗരാണിക സംസ്കൃത കലാരൂപം അരങ്ങേറുന്നത്.

ഫെബ്രുവരി 21 ന് രാവിലെ 7 മുതൽ സൂത്രധാരന്റെ പുറപ്പാട്, ഫെബ്രുവരി 22- ന് വൈകീട്ട് ദീപാരാധനക്ക് ശേഷം സൂത്രധാര നിർവ്വഹണം, ഫെബ്രുവരി 23-ന് വൈകീട്ട് ദീപാരാധനക്ക് വൈകീട്ട് ദീപാരാധനക്ക് ശേഷം കാപാലി എന്നിങ്ങനെ മൂന്ന് ദിവസങ്ങളിലായാണ് മത്തവിലാസം കൂത്ത് അരങ്ങേറുന്നത്. വിവാഹ തടസ്സങ്ങൾ നീക്കുക, സൽസന്താന സൗഭാഗ്യം, ശത്രുദോഷനിവാരണം, കാര്യസിദ്ധി എന്നിവ ഈ കൂത്തിന്റെ ഫലശ്രുതിയായി പറയപ്പെടുന്നു. പ്രശസ്ത ചാക്യാർകൂത്ത് കലാകാരനായ കലാമണ്ഡലം രാമചാക്യാരുടെ നേതൃത്വത്തിലുള്ള പ്രഗത്ഭരായ കലാകാരന്മാരെ പങ്കെടുപ്പിച്ചു കൊണ്ടാണ് മത്തവിലാസം കൂത്ത് നടത്തപ്പെടുന്നത്. ഭക്തജനങ്ങൾക്ക് 250 രൂപ നിരക്കിൽ മത്തവിലാസം കൂത്ത് രശീതി യാക്കാവുന്നതാണ്.

ഫെബ്രുവരി 24 മുതൽ നടരാജ മണ്ഡപത്തിൽ ഭക്തി പ്രഭാഷണം അഷ്ടപദി കച്ചേരി, ബൊമ്മലാട്ടം, അക്ഷരശ്ലോക സദസ്സ്, കേരള കലാമണ്ഡലം അവതരിപ്പിക്കുന്ന ദുര്യോധന വധം കഥകളി, ശിവരാത്രി ദിവസമായ ഫെബ്രുവരി 26 ന് കാലത്ത് ദക്ഷയാഗം എന്ന വിഷയത്തിൽ ഗുരുവായൂർ മണി സ്വാമിയുടെ ഭക്തി പ്രഭാഷണം രഹ്മമുരളീ ദാസിന്റെ മോഹിനിയാട്ടം വൈകിട്ട് 4 മണിക്ക് കോമത്ത് നാരായണ പണിക്കരുടെ നേതൃത്വത്തിൽ സമൂഹാർച്ചന, മമ്മിയൂർ മാതൃസമിതിയുടെ നൃത്താർച്ചന,പ്രീതമുരളിയും സംഘവും അവതരിപ്പിക്കുന്ന മോഹിനിയാട്ടം എന്നിവ ഉണ്ടായിരിക്കും ക്ഷേത്രം തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ ശിവനും, മഹാവിഷ്ണുവിനും ലക്ഷാർച്ചന, മഹാദേവന് ഭസ്മാഭിഷേകം, ശ്രീ ഭൂതബലി എഴുന്നെള്ളിപ്പ്, രാത്രി ഗുരുവായൂർ ക്ഷേത്ര കലാനിലയത്തിന്റെ ബാണയുദ്ധം കൃഷ്ണനാട്ടം കളിയും ഉണ്ടായിരിക്കുന്നതാണ്.

ശിവരാത്രി ദിവസം ക്ഷേത്രത്തിലെത്തുന്ന എല്ലാ ഭക്തജനങ്ങൾക്കും വിപുലമായ പ്രസാദ ഊട്ടും ഒരുക്കിയിട്ടുള്ളതായി ദേവസ്വം ചെയർമാൻ ജി.കെ. പ്രകാശൻ അറിയിച്ചു. ദേവസ്വം ഓഫീസിൽ നടന്ന വാർത്ത സമ്മേളനത്തിൽ ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ ഷാജി എൻ , ട്രസ്റ്റി ബോർഡ് മെമ്പർ കെ.കെ .ഗോവിന്ദ് ദാസ്, ജീവനക്കാരുടെ പ്രതിനിധി കെ. ജ്യോതി ശങ്കർ തുടങ്ങിയവർ പങ്കെടുത്തു.

നിര്യാതയായി

മേരി പൈലോത്

വിയ്യൂർ: റോസ ബസാറിൽ ആലപ്പാട്ട് പൂവത്തിങ്കൽ ഇനാശുവിന്റെ മകനും വിയ്യൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുൻ പ്രസിഡന്റുമായ പി.ഐ. പൈലോത്തിന്റെ ഭാര്യ മേരി (94) അന്തരിച്ചു. സംസ്കാര ശുശ്രൂഷകൾ ഇന്നു വൈകീട്ട് 4.30 ന് വിയ്യൂർ നിത്യസഹായമാതാ പള്ളിയിൽ നിർവഹിച്ച് ചേറൂർ വിജയപുരം സെന്റ് സേവ്യേഴ്സ് പള്ളിയിൽ നടത്തപ്പെടും. മക്കൾ: പരേതനായ പി.പി. സണ്ണി, ഡേവിസ് (ബിസിനസ്), ആലീസ്, ചേതന ഗാനാശ്രമം ഡയറക്ടർ പാടുംപാതിരി ഫാ. ഡോ. പോൾ പൂവത്തിങ്കൽ സി എംഐ. മരുമക്കൾ: സ്റ്റെല്ല, കൊച്ചുത്രേസ്യ, സൈമൺ.

കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട പ്രഭാകരന്റെ വസതി ജില്ലാ കളക്ടർ സന്ദർശിച്ചു

തൃശൂർ: പീച്ചി ഉൾവനത്തിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പ്രഭാകരന്റെ വസതിയിൽ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ സന്ദർശിച്ചു. മരിച്ച ആളുടെ കുടുംബത്തിന് നഷ്ട പരിഹാരമായി 10 ലക്ഷം രൂപയും ഇൻഷുറൻസ് തുകയായി ഒരു ലക്ഷം രൂപയും നൽകുമെന്ന് കളക്ടർ അറിയിച്ചു. ഇതിൽ അഞ്ച് ലക്ഷം രൂപ നാളെ കുടുംബത്തിന് കൈമാറും. പ്രഭാകരന്റ ആശ്രിതരിൽ ഒരാൾക്ക് വനം വകുപ്പിൽ താൽകാലിക ജോലി നകാൻ വനം വകുപ്പിനോട് ശുപാർശ ചെയ്തു. ഈ ജോലി സ്ഥിരപ്പെടുത്തണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്യുമെന്നും കളക്ടർ അറിയിച്ചു.

57 വയസുള്ള പ്രഭാകരൻ വനവിഭവങ്ങൾ ശേഖരിക്കാൻ മകനും മരുമകനും ഒപ്പം പോയപ്പോഴാണ് ആനയുടെ മുൻപിൽ പെട്ടത്. ഇന്നലെ രാവിലെ 8.30നാണ് സംഭവം നടന്നത്. പോലീസും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് വൈകുന്നേരത്തോടെ മൃതദേഹം വനത്തിന് പുറത്തെത്തിച്ചു. സബ് കളക്ടർ, തഹസിൽദാർ എന്നിവർക്കൊപ്പം എ എസ് പി, പീച്ചി വൈൽഡ് ലൈഫ് വാർഡൻ എന്നിവർ മൃതദേഹം പുറത്തെത്തിക്കാൻ നേതൃത്വം നൽകി.

ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി ഇന്നു രാത്രി തന്നെ പോസ്റ്റ്മോർട്ടം നടത്തി മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകുമെന്നും കളക്ടർ പറഞ്ഞു.

കലശമല ഇക്കോ ടൂറിസം പദ്ധതിക്ക് 11.74 കോടിയുടെ പുതുക്കിയ ഭരണാനുമതി

തൃശൂർ: കലശമല ഇക്കോ ടൂറിസം പദ്ധതിക്ക് 11,74,70,050 രൂപയുടെ പുതുക്കിയ ഭരണാനുമതി. മുൻപ് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും ഭൂമി ഏറ്റെടുക്കുന്നതിന് അധിക തുക ചിലവാകുമെന്നതിനാൽ 12,24,70,050 രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായി അഭ്യർഥിച്ചിരുന്നു.

സർക്കാർ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ് അനുവദിക്കുന്നതല്ല എന്നതിനാൽ 50 ലക്ഷം രൂപ കിഴിച്ച് ബാക്കി തുകയായ 11,74,70,050 രൂപയുടെ പുതുക്കിയ ഭരണാനുമതിക്കാണ് ഉത്തരവായത്.

ഷുഹൈബ് ശരത് ലാൽ കൃപേഷ് രക്തസാക്ഷി അനുസ്മരണ സദസ്സ് സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട : യൂത്ത് കോൺഗ്രസ്സ് ഇരിങ്ങാലക്കുട നിയോജക മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ ഷുഹൈബ് ശരത് ലാൽ കൃപേഷ് രക്തസാക്ഷി അനുസ്മരണ സദസ്സ് സംഘടിപ്പിച്ചു. ഇരിങ്ങാലക്കുട ആൽത്തറ പരിസരത്തു നടന്ന അനുസ്മരണ സദസ്സ് കെ പി സി സി മുൻ ജനറൽ സെക്രട്ടറി എം പി ജാക്സൺ ഉദ്ഘാടനം ചെയ്തു. യൂത്ത് കോൺഗ്രസ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. ഓ ജെ ജെനീഷ് രക്തസാക്ഷി അനുസ്മരണ പ്രഭാഷണം നടത്തി. നിയോജക മണ്ഡലം പ്രസിഡന്റ് സനൽ കല്ലുക്കാരൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡന്റ് സോമൻ ചിറ്റേത്ത്, മണ്ഡലം കോൺഗ്രസ്സ് പ്രസിഡന്റ് അബ്ദുൾ ഹഖ് മാസ്റ്റർ, ബാബു തോമസ്, ബ്ലോക്ക് കോൺഗ്രസ് വൈസ് പ്രസിഡന്റ്, ബ്ലോക്ക് കോൺഗ്രസ് സെക്രട്ടറി സിദ്ദിഖ്, മണ്ഡലം യൂത്ത് കോൺഗ്രസ്സ് പ്രസിഡണ്ടുമാരായ ജോമോൻ മണാത്ത്, ശരത്ത് ദാസ്, സഞ്ജയ് ബാബു, സനൽ എ എസ്, നിയോജക മണ്ഡലം ഭാരവാഹികളായ എബിൻ ജോൺ, വിനു ആന്റണി, അജയ് മേനോൻ, അഡ്വ ഗോകുൽ കർമ്മ തുടങ്ങിയവർ സംസാരിച്ചു.

ശ്രീകണ്ഠേശ്വരം ശിവക്ഷേത്രത്തിൽ ശിവരാത്രി - പ്രതിഷ്ഠാദിന മഹോൽസവം മാർച്ച് 2 വരെ

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട ശ്രീ കണ്ഠേശ്വരം ശിവക്ഷേത്രത്തിൽ ശിവരാത്രി - പ്രതിഷ്ഠാദിന മഹോൽസവം ഫെബ്രുവരി 19 മുതൽ മാർച്ച് 2 വരെ ആഘോഷിക്കും. കണ്ഠേശ്വരം ശിവക്ഷേത്രവും നാദോപാസനയും ചേർന്ന് സംഘടിപ്പിക്കുന്ന ശിവരാത്രി നൃത്തോൽസവം ഫെബ്രുവരി 19 ന് വൈകീട്ട് 6 ന് കലാമണ്ഡലം പ്രജീഷ ഗോപിനാഥ് ഉദ്ഘാടനം ചെയ്യുമെന്ന് ക്ഷേത്രം കമ്മിറ്റി പ്രസിഡന്റ് എൻ. വിശ്വനാഥമേനോൻ, നാദോപാസന സെക്രട്ടറി പി നന്ദകുമാർ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ വൈകീട്ട് ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി എന്നിവ അരങ്ങേറും. ശിവരാത്രി ദിനത്തിൽ രാവിലെ 7.30 ന് ഭക്തിഗാനസുധ, 11.30ന് പ്രസാദഊട്ട്, 3.30ന് കാഴ്ചശീവേലി, 6.45ന് ചുറ്റുവിളക്ക്, നിറമാല, ദീപാരാധന, 6.50ന് സാംസ്കാരിക സമ്മേളനം, 7.30ന് സാന്ദ്രാനന്ദലയം, 9 ന് കൂടൽമാണിക്യം ക്ഷേത്രം പടിഞ്ഞാറെ നടയിൽ നിന്നും എഴുന്നള്ളിപ്പ്, 10ന് കഥകളി കുചേലവൃത്തം എന്നിവയാണ് പ്രധാന പരിപാടികൾ. ശിവരാത്രി ആഘോഷത്തോടനുബന്ധിച്ച് എർപ്പെടുത്തിയ ശിവരാത്രി പുരസ്കാരം കഥകളി ആചാര്യൻ ഡോ സദനം കൃഷ്ണൻകുട്ടിക്ക് സാംസ്കാരിക സമ്മേളനത്തിൽ സമ്മാനിക്കും. കലാനിലയം രാഘവനാശാൻ, കലാനിലയം ഉണ്ണികൃഷ്ണൻ, മുരളി ആശാൻ, സാവിത്രി അന്തർജനം എന്നിവരെ ചടങ്ങിൽ ആദരിക്കും. ക്ഷേത്ര ചടങ്ങുകൾ, പ്രസാദ ഊട്ട്, കാഴ്ച ശീവേലി, സോപാന സംഗീതം, നാടകം എന്നിവയാണ് മാർച്ച് 2 ന് നടക്കുന്ന പ്രതിഷ്ഠാദിനത്തിലെ പരിപാടികൾ. ക്ഷേത്ര കമ്മിറ്റി സെക്രട്ടറി ഷിജു എസ് നായർ, വൈസ് പ്രസിഡന്റ് ജനാർദ്ദനൻ കാക്കര , ട്രഷറർ പി സുനിൽ കുമാർ, നാദോപാസന സെക്രട്ടറി മുരളി പഴയാറ്റിൽ, ട്രഷറർ ഉണ്ണികൃഷ്ണൻ ടി എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

അക്ബർ ട്രാവൽസ് ട്രോഫിക്ക് വേണ്ടി തൃശൂർ നടന്ന വെറ്ററൻസ് ഫുട്ബാൾ മത്സരം

തൃശൂർ: അക്ബർ ട്രാവൽസ് ട്രോഫിക്ക് വേണ്ടി തൃശൂർ കോർപ്പറേഷൻ ഗ്രൗണ്ടിൽ നടന്ന വെറ്ററൻസ് ഫുട്ബാൾ മത്സര ഉദ്ഘാടനം ജോസ് ആലുക്കാസ് ഉദ്ഘാടനം ചെയ്തു. സാംബശിവൻ അദ്ധ്യക്ഷത വഹിച്ചു.

ആദ്യ മത്സരത്തിൽ ഗുജറാത്ത് -മുതുതല എഫ് സി യെ 1-1 എന്ന സ്കോറിൽ സമനിലയിലും രണ്ടാം മത്സരം, മോർണിഗ് സ്റ്റാർ ചാലക്കുടി-എസ് എൽ.ടി. തൃശൂരും ഗോൾ അടിക്കാതെ സമനിലയിലും പിരിഞ്ഞു.

ഇന്ന് വൈകീട്ട് 5.30 ന് സ്പാർക്ക് പറപ്പൂർ - മലപ്പുറം എഫ് സി .യും ,6.30 ന് എസ്. എൽ.ടി. തൃശൂർ- മലേഷ്യ എഫ്. സി യും, 7.30 ന് മുതുതല എഫ്.സി. - മാസ്റ്റേർസ് കൊച്ചിയേയും നേരിടും

പരാതി പരിഹാര അദാലത്ത്

തൃശൂർ: സംസ്ഥാന പട്ടിക ജാതി, പട്ടിക വർഗ്ഗ ഗോത്ര കമ്മീഷൻ നടത്തുന്ന പരാതി പരിഹാര അദാലത്ത് തൃശൂർ കളക്ടറേറ്റ് എക്സ